# സംസ്ഥാനവാർത്തകൾ

**വേങ്ങര ഉപതിരഞ്ഞെടുപ്പ് ഒക്ടോബർ 11 ന്, വോട്ടെണ്ണൽ 15 ന്**

വേങ്ങരയിൽ ഉപതിരഞ്ഞെടുപ്പ് ഒക്ടോബർ 11 ന് നടക്കും. പി.കെ കുഞ്ഞാലിക്കുട്ടി പാർലമെന്റിലേക്ക്തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് രാജിവച്ച ഒഴിവിലാണ് ഉപതിരഞ്ഞെടുപ്പ്. ഒക്ടോബർ 15 നാണ് വോട്ടെണ്ണൽ. വെള്ളിയാഴ്ച വിജ്ഞാപനം പുറത്തിറങ്ങും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 22 ആണ്.25 നാണ് സൂക്ഷ്മ പരിശോധന. 27 വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം.വോട്ടുചെയ്തത്ആർക്കാണെന്ന് വോട്ടർക്ക് കാണാൻ സാധിക്കുന്ന സ്ലിപ്പ് ലഭിക്കുന്ന വി.വി പാറ്റ് സംവിധാനം തിരഞ്ഞെടുപ്പിൽ ഉപയോഗിക്കും.

**(മാ.,13/09)**

**1500 സ്റ്റാർട്ടപ്പുകൾക്ക് സഹായം: മുഖ്യമന്ത്രി**

നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന വ്യവസായ സംരംഭങ്ങളാണ് നാടിന് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത്തരം 1500 സ്റ്റാർട്ടപ്പുകൾക്ക് കെഎസ്ഐഡിസി ധനസഹായം നൽകും. വ്യവസായ മേഖലയിലെ പരമ്പരാഗത രീതികളും കാഴ്ചപ്പാടുകളും യുവാക്കൾ മാറ്റിമറിക്കണമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിച്ച മൂന്നാമത് യുവസംരംഭക സംഗമം (യെസ്-2017 3 ഡി) ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. നൂതനാശയങ്ങളുമായി സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന ആർക്കും നിരാശനാകേണ്ടിവരില്ല. ഭാവി സാമ്പത്തികവളർച്ചാ സ്രോതസ്സായ സംരംഭങ്ങൾക്ക് 1375 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 549 കോടി ഐടി, ഐടി അനുബന്ധ വ്യവസായങ്ങൾക്കാണ്. 10 കോടി രൂപ ടെക്നോളജി ഇന്നൊവേഷനും 70 കോടി യുവജന സംരംഭകത്വ പരിപാടികൾക്കുമാണ്.

**(ദേ.,13/09)**

****